പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1878 — 04.12.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസ്സുകൾ

ചോദ്യം

ശ്രീ. എം. സ്വരാജ്

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. നിലവിൽ എത്ര ഇലക്ട്രിക് ബസ്സുകൾ ഉപയോഗിച്ച് വരുന്നുവെന്ന് അറിയിക്കുമോ; | (എ) | 10 A/C ഇലക്ട്രിക് ബസ്സുകൾ (9 മീറ്റർ നീളം) വെറ്റ് ലീസ് വ്യവസ്ഥയിൽ കെ.എസ്.ആർ.ടി.സി.യിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 5 ബസ്സുകൾ ശബരിമല മഹോൽസവത്തോടനുബന്ധിച്ച് നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസ് നടത്തുന്നതിനായി ഇതിനോടകം ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. പരിസ്ഥിതി സൗഹാർദ്ദവും, ശബ്ദരഹിതവും ആയ ഇത്തരം ബസ്സുകളിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രാസൗകര്യം പ്രദാനം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്. |
| (ബി) | പരിസ്ഥിതി സൗഹൃദവും ചെലവ് കുറഞ്ഞതുമായ ഇത്തരം ഇലക്ട്രിക് ബസ്സുകൾ കൂടുതലായി ഉപയോഗിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | (ബി) | ഉണ്ട്. 29-09-2018-ലെ സ.ഉ.(കൈ) നം. 58/2018/ഗതാഗതം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ഇലക്ട്രിക് വെഹിക്കിൾ പോളിസിയുടെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ 2025 വർഷത്തോടെ കെ.എസ്.ആർ.ടി.സി.യിൽ കൂടുതൽ ബസുകൾ ഇലക്ട്രിക് ബസുകൾ ആയി മാറ്റണമെന്ന് വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ